കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കായണ്ണ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് ജില്ലാ കാര്യാലയം
കോഴിക്കോട്

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.4/1484/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ – ddlfakkd@yahoo.in
ഫോൺ – 0495/2371012
തീയതി – 03.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കായണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കായണ്ണ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.4/1484/2017 തീയതി – 03.08.2017

# കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 08.10.2016 മുതൽ 17.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സി. രാജൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.06.2017 മുതൽ 24.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വി. സുഗുണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. സി.വി. ഇന്ദുകല, ഓഡിറ്റർ (20.06.2017 മുതൽ) |
| | ശ്രീ. അനൂപ്. കെ.വി, ഓഡിറ്റർ (23.06.2017 മുതൽ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എൻ. പദ്മജ | 01.04.2016 – 31.03.2017 |
| സെക്രട്ടറി | ശ്രീ. ടി ടി ആനന്ദൻ | 01.04.2016 – 11.04.2016 |
| | ശ്രീ. സുനിൽ കുമാർ പി ടി അസി. സെക്രട്ടറി( ഇൻ ചാർജ്ജ്) | 11.04.2016 – 17.05.2016 |
| | ശ്രീ.ടി.ടി.ആനന്ദൻ | 18.05.2016-15.06.2016 |
| | ശ്രീ.സുനിൽകുമാർ.പി.ടി (അസി.സെക്രട്ടറി(ഇൻ ചാർജ്ജ്) | 16.06.2016-15.07.2016 |
| | ശ്രീ.ടി.ടി.ആനന്ദൻ | 16.07.2016-31.07.2016 |
| | ശ്രീ. പി. രാജീവൻ | 01.08.2016 – 31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | സുനിൽ കുമാർ പി ടി | 01.04.2016 – 16.08.2016 |
| | നിർമ്മല അഗസ്റ്റിൻ | 17.08.2016 – 04.01.2017 |
| | പ്രസന്ന കുമാരി അമ്മ | 05.01.2017 – 31.03.2017 |
| വി ഇ ഒ ഗ്രേഡ് 1 | ജംഷീർ. ഇ | 01.04.2016 – 31.03.2017 |
| | മഞ്ജുഷ ടി | 01.04.2016 – 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. വിജിത. സി | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. സിന്നീഷ്. പി | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. മുകുന്ദവർമ്മ. ആർ | 01.04.2016 – 31.03.2017 |
| ഐ. സി.ഡി.എസ്. സൂപ്പർവൈസർ | സന്ധ്യ. കെ | 01.04.2016 – 31.03.2017 |
| അസി. എഞ്ചിനീയർ | സ്മിത. ബി എസ് | 01.04.2016 – 04.07.2016 |
| | അജിത് കുമാർ. ഇ ടി | 13.07.2016 – 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ലീന കെ ടി | 01.04.2016 – 31.03.2017 |
| ഹെഡ്മാസ്റ്റർ | വാസുദേവൻ. സി കെ | 01.04.2016 – 31.03.2017 |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം – 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3. | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4. | 1-4 | സാമ്പത്തിക വിശകലനം |
| 5. | 1-5 | ഫണ്ട് വിനിയോഗം |
| 6. | 1-6 | പദ്ധതി അവലോകനം |
| 7. | 1-7 | തനത് വരുമാനം |
| 8. | 1-8 | ക്ഷേമ പദ്ധതികൾ |
| 9. | 1-9 | കേഷ് വെരിഫിക്കേഷൻ |
| 10. | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം – 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 2-2 | തൊഴിൽ നികുതി – അപാകതകൾ സംബന്ധിച്ച് |
| ഭാഗം – 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 13 | 3-1 | ഗ്രാമസഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു. |
| 14 | 3-2 | അങ്കണവാടികളിലെ പോഷകാഹാര വിതരണം – കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിൽ കുറവ് – വികസനഫണ്ട് വകമാറ്റുന്നു. |
| 15 | 3-3 | പട്ടിക വർഗ്ഗ കുടുംബങ്ങളുണ്ടെങ്കിലും ടി.എസ്.പി. ഫണ്ട് ലഭിക്കുന്നില്ല. |
| 16 | 3-4 | എടക്കണ്ടി – ഇല്ലിക്കൽ റോഡ് പരിഷ്കരണം – നിർവ്വഹണം, അളവെടുക്കൽ, തുക നൽകൽ എന്നിവയിൽ അപാകത |
| 17 | 3-5 | പാടിക്കുന്ന് കുടിവെള്ള പദ്ധതി – പ്രവൃത്തി നിർവ്വഹണത്തിൽ അപാകതകൾ |
| 18 | 3-6 | മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം പുതിയ റോഡിന്റെ നിർമ്മാണത്തിന് വിനിയോഗിച്ചു. |
| 19 | 3-7 | ഇടവിളകൃഷി വികസനം – പ്രോജക്ട് നിർവ്വഹണത്തിനെ അപാകതകൾ |
| 20 | 3-8 | കുടിവെള്ള വിതരണം – കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. |
| 21 | 3-9 | പെയിൻ&പാലിയേറ്റീവ് പരിചരണം – തുക നൽകിയിട്ടും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. |
| 22 | 3-10 | പാലിയേറ്റീവ് പരിചരണം – വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകത |
| 23 | 3-11 | പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി – പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 24 | 3-12 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| ഭാഗം – 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 25 | 4-1 | സംയുക്ത പ്രൊജക്ടുകൽക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 28 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 29 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 32 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 33 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 34 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 22.03.2017തിയതിയിലെ 206/17 തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 20,23,207 | 59,09,408 | 38,86,201 | |

| | | | | |
|---|---|---|---|---|
| വരവ് | 13,59,35,326 | 9,48,77,736 | | 4,10,57,590 |
| ആകെ | 13,79,58,533 | 10,07,87,144 | | 3,71,71,389 |
| ചെലവ് | 13,69,40,833 | 9,51,99,558 | | 4,17,41,275 |
| നീക്കിയിരിപ്പ് | 10,17,700 | 55,87,586 | 45,69,886 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 14.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 23.06.2017 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 59,09,408 |
| വരവ് | 3,10,83,686 |
| ആകെ | 3,69,93,094 |
| ചെലവ് | 3,14,05,508 |
| നീക്കിയിരിപ്പ് | 55,87,586 |

## 1-5 ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരമുള്ളത്)

എ)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 7430498 | 7430498 | 7430498 | - |
| വികസനഫണ്ട് എസ്.സി.പി. | - | 2047050 | 2047050 | 2047050 | - |
| വികസനഫണ്ട് ടി.എസ്.പി. | - | Nil | | | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2543474 | 2543474 | 2543474 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 836000 | 836000 | 836000 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1436072 | 1436072 | 1436072 | - |
| പെർഫോമൻസ് ഗ്രാന്റ് | Nil | | | | |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 2280 | 43110657 | 43112937 | 43104515 | 8422 |
| ബി ഫണ്ട് | | 22832210 | 22832210 | 22832210 | |

ബി) ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം )

| | OB | RECEIPT | PAYMENT | BALANCE |
|---|---|---|---|---|
| Develop Fund General | 0 | 7494849 | 7430498 | 64351 |
| SCP | 0 | 2633136 | 2047050 | 586086 |
| $13^{th}$ FC | 0 | 4203961 | 1436072 | 2767889 |
| KLSGDP- Central | 0 | 13622619 | 0 | 13622619 |
| KLSGDP – State | 0 | 8578521 | 0 | 8578521 |
| Total | 0 | 36533086 | 10913620 | 25619466 |
| MG-Road | 0 | 5881440 | 2543474 | 3337966 |
| MG-Non Road | 0 | 2554755 | 836000 | 1718755 |
| Total | 0 | 8436195 | 3379474 | 5056721 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 100 | 5,58,99,728 | 53 | 2,07,47,119 | 47 | | 55 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10,26,880 | 11,69,214 | 1,42,334 | 13.86 |
| നികുതിയേതര വരവുകൾ | 1,60,820 | 3,06,138 | 1,45,138 | 90 |
| മറ്റുവരവുകൾ | 41,01,784 | 45,10,920 | 4,09,136 | 10 |
| ആകെ | 52,89,484 | 59,86,272 | 6,96,788 | 13.17 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,09,160 | 105 |
| കർഷകതൊഴിലാളി പെൻഷൻ | 58,07,360 | 612 |
| വിധവാപെൻഷൻ | 64,13,630 | 557 |
| വാർദ്ധക്യകാലപെൻഷൻ | 82,62,665 | 899 |
| വികലാംഗപെൻഷൻ | 18,14,665 | 179 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,34,730 | 15 |
| വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,571/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.04.2017 – 25.04.2017 | 12/2016 – 03/2017 | റിപ്പോർട്ട് കിട്ടിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.05.2010 – 11.06.2010 | 2005-06 – 2009-10 | LBA(HQ) 111/8A-1584/72, 02.07.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

3. തൻവർഷ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4. വൌച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി. അപാകതകൾ- സംബന്ധിച്ച്

ഓഡിറ്റ് കാലയളവിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷിക വരുമാന പത്രികകൾ,സ്ഥാപന രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും, കമ്പനികളുടേയും, തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും, പ്രസ്തുത ജീവനക്കാരെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി റിട്ടേണിൽ ഉൾപ്പെടുത്തുകയോ, ആയതിനുള്ള കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര്/ തസ്തിക | ഒന്നാം അർദ്ധവർഷത്തിൽ അടച്ച തൊഴിൽ നികുതി | റിമാർക്സ് |
|---|---|---|---|---|
| 1 | എ യു പി സ്കൂൾ, മാട്ടനോട്ട് | അബ്ദുൾ റഷീദ്. പി കെ (ജൂനിയർ ടീച്ചർ, ഉറുദു) | 1250/- | രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽനികുതി റിട്ടേണിൽ ഉൾ പ്പെടുത്തുകയോ, ആയതിനുള്ള കാരണം വ്യക്ത മാക്കുകയോ ചെയ്തിട്ടില്ല. |
| 2 | ജി എച്ച് എസ്, കായണ്ണ | ഷിജു .പി ആർ (ഓഫീസ് അറ്റന്റന്റ്) | 1250/- | " " |
| 3 | പോസ്റ്റ് ഓഫീസ്, മാട്ടനോട്ട് | സുരേഷ് കുമാർ. വി കെ (ജി ഡി എസ് ബി പി എം) | 600/- | " " |
| | | ആയിഷ. പി (ജി ഡി എസ് എം ഡി) | 450/- | " " |

3. ഓഡിറ്റ് കാലയളവിലെ തൊഴിൽനികുതി സ്ഥാപനരജിസ്റ്ററിൽ ക്രമ നം 28 ആയി ബി.എസ്.എൻ. എൽ മാട്ടനോട്ട് എന്ന സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും റിട്ടേൺ വാങ്ങുകയോ, ഓഡിറ്റ് കാലയളവിലെ ജീവനക്കാരുടെ തൊഴിൽനികുതി, ,സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുകയോ ചെയ്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമസഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു

ഓഡിറ്റ് വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം വാങ്ങിയ 100 പ്രൊജക്ടുകളിൽ 24 പുതിയ പ്രൊജക്ടുകൾ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് വികസന പദ്ധതി രേഖയിൽ ഉൾപ്പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് . കരട് പദ്ധതി രേഖയിൽ 96 പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരുന്നെങ്കിലും ഇതിൽനിന്നും ആകെ 63 എണ്ണം മാത്രമാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടുള്ളുവെന്ന് രേഖകൾ വ്യക്തമാക്കുന്നു. വികസന സെമിനാറിൽ കരട് നിർദ്ദേശങ്ങളായി വരുന്ന പദ്ധതികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പഠനം നടത്തി തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നിർദ്ദേശിക്കുന്നവയും , സ്റ്റേക്ക് ഹോൾഡർമാരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്തിയതിനുശേഷം ഗ്രാമ സഭകളിൽ അവതരിപ്പിച്ച് അവയുടെ

അംഗീകാരം വാങ്ങിയവയുമാണെന്നിരിക്കെ, കരട് രേഖയിൽപ്പെടാത്ത പദ്ധതികൾക്ക് അംഗീകാരം വാങ്ങിയത് ശരിയായ നടപടിയല്ല. കരട് പദ്ധതിരേഖയിൽപ്പെടാത്തതും ഡി.പി.സിയുടെ അംഗീകാരം വാങ്ങിയതുമായ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| മേഖല | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമസഭകളുടെ അംഗീകാരമില്ലാത്ത പ്രൊജക്ടുകൾ | അംഗീകാരമില്ലാത്തതിൽ നിർവ്വഹണം നടത്തിയവ | അംഗീകാരമില്ലാത്തവയ്ക്ക് ആകെ വകയിരുത്തിയ തുക | അംഗീകാരമില്ലാത്തവയ്ക്ക് ചെലവഴിച്ചതുക |
|---|---|---|---|---|---|
| കാർഷികം | കൃഷി ഓഫീസർ | 7,21 | 7,21 | 638120/- | 638120/- |
| മൃഗസംരക്ഷണം | വെറ്റിനററി സർജൻ | 25,117 | 25,117 | 790000/- | 790000/- |
| ഗ്രാമ വികസനം | വി.ഇ.ഒ | 31,106 | 31 | 440000/- | 100000/- |
| ശിശു ക്ഷേമം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 116 | 116 | 34000/- | 34000/- |
| പൊതുമരാമത്ത് | അസി.എക്സി.എഞ്ചിനീയർ | 35,52,83,100, 104,107,108, 110,111,113, 114,118 | 35,118 | 24329603/- | 926478/- |
| ക്ഷീര വികസനം | ഡയറി ഫാം ഇൻസ്ട്രക്ടർ | 32,39 | 32,39 | 1580000/- | 1240000/- |
| പട്ടികജാതി വികസനം | അസി.സെക്രട്ടറി | 112 | 112 | 300000/- | 299500/- |
| സദ്ഭരണം | സെക്രട്ടറി | 69,105 | ഇല്ല | 1199558/- | ഇല്ല |
| ആകെ | | | | 29311281/- | 4028098/- |

മേല്പറഞ്ഞതിൽ നിന്നും നിയമവിരുദ്ധമായി 2.93 കോടി രൂപ വകയിരുത്തിയതിൽ 40.28 ലക്ഷം രൂപ ചെലവഴിച്ചതായി കാണാം.1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3, എം. എസ് . 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം വകയിരുത്തിയതിനും ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.നിയമവിരുദ്ധമായി തുക ചെലവഴിച്ചത് വിശദീകരിക്കപ്പെടേണ്ടതാണ്.

## 3-2 അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്-വികസനഫണ്ട് വകമാറ്റപ്പെടുന്നു

അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 70 ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര | കേന്ദ്രവിഹിതമായി | കേന്ദ്രവിഹിത | വികസന | തനത് | വികസനഫണ്ടിൽ |
|---|---|---|---|---|---|---|

| | വിതരണത്തിനായി ആകെ വിനിയോഗിച്ച തുക | ലഭിച്ച തുക | ത്തിൽ നിന്നും വിനിയോഗിച്ച തുക | ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 1336572 | 260403 | 444967 | 890122 | 1483 | 66.6 |
| 2013-14 | 1762365 | 235511 | 221727 | 1540638 | -- | 87.41 |
| 2014-15 | 1214329 | 485509 | 258256 | 956073 | -- | 78.73 |
| 2015-16 | 1255113 | 1004092 | 555113 | 700000 | -- | 55.77 |
| 2016-17 | 1401842 | 311922 | 601842 | 800000 | -- | 57.06 |
| ആകെ | 6970221 | 2297437 | 2081905 | 4886833 | 1483 | 70.11 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി ലഭിക്കേണ്ടതാണ്.എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 33% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുമൂലം ആകെ ചെലവ് തുകയുടെ 50% മായ 34.85 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും വിനയോഗിക്കേണ്ടിടത്ത്,48.86 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നു.മറ്റ് മേഖലകളിൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 14.01 ലക്ഷം രൂപ ഇതുമൂലം വകമാറ്റപ്പെട്ടു.

.

പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന് ശ്രമിക്കാത്തത് വീഴ്ചയാണ്.അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-3 <u>പട്ടിക വർഗ്ഗ കുടുംബങ്ങളുണ്ടെങ്കിലും ടി.എസ്.പി ഫണ്ട് ലഭിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പടുന്ന കുടുംബങ്ങൾ താമസിക്കുന്ന പുതിയാട്ടുംകുഴി പട്ടികവർഗ്ഗകോളനിയിൽ നിലവിൽ 23 കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. കരിമ്പാല വിഭാഗത്തിൽപ്പെട്ട ,കുട്ടികളുൾപ്പടെ 76 അംഗങ്ങൾ ഈ കോളനിയിലുണ്ടെന്ന് ഓഡിറ്റിന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ,ഇവരുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന, ടി.എസ്.പി ഫണ്ട് സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ 6.2.17 ലെ 188(7)/16-17 നമ്പർ തീരുമാനത്തിൽ മേൽ കോളനിയിൽ രൂപീകരച്ച കുടുംബശ്രീ യൂണിറ്റിന്, ടി.എസ്.പി ഫണ്ട് ലഭ്യമാവാത്തതിനാൽ ആട്ടുവളർത്തലിന് ധനസഹായം ലഭ്യമാക്കാൻ കഴിയാത്ത കാര്യം പരാമർശിക്കുകയും, ഫണ്ട് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ പുരോഗതിയുണ്ടായിട്ടില്ലെന്ന് ഓഡിറ്റിന് വ്യക്തമായി. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭ്യമാകേണ്ട ഫണ്ട് അടിയന്തിരമായി ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 <u>എടക്കണ്ടി -ഇല്ലിക്കൽ റോഡ് പരിഷ്കരണം - നിർവ്വഹണം,അളവെടുക്കൽ,തുക നല്കൽ എന്നിവയിൽ അപാകത</u>

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രൊജക്ട് നം: 96/17

എസ്റ്റിമേറ്റ് തുക:500000/- രൂപ

ആകെ പ്രവൃത്തിമൂല്യം: 500000/-(471698+28301(നികുതികൾ))

അവസാനബിൽ തുക: 147735/-രൂപ ബിൽ നം.3/27.9.16

സാങ്കേതികാനുമതി നം: AEE/PO/KYNA/537/15-16 തീ.16.2.16

കൺവീനർ: CG രാജൻ

അളവുപുസ്തകം: 40/15-16

എടക്കണ്ടി -ഇല്ലിക്കൽ റോഡിൽ പാർശ്വ ഭിത്തികെട്ടി ഗതാഗതം ദുഷ്കരമായ സ്ഥലങ്ങളിൽ 10cm വീതം കനത്തിൽ 1:4:8,1:2:4 എന്നീ അനുപാതങ്ങളിൽ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് പ്രൊജക്ട് തയ്യാറാക്കിയത്.പ്രവൃത്തിയുടെ നിർവ്വഹണം,അളവെടുക്കൽ,തുക നല്കൽ എന്നിവയിൽ താഴെ പറയുന്ന അപാകത സംഭവിച്ചതായി കാണുന്നു.

1) പ്രവൃത്തിയുടെ കാര്യത്തിൽ 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് PCC യും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റും ചെയ്തിട്ടുണ്ട്. റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നകാര്യത്തിൽ 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4 അനുപാതത്തിലുള്ളത്7cmകനത്തിലുംമതിയെന്നിരിക്കെ(ചീഫ്എഞ്ചിനീയറുടെ18.9.15ലെഡിബി4/9099 /2015/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം ഇതിൽ പിന്നീട് വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്) ഈ രണ്ട് ഇനങ്ങളും 10cm കനത്തിലാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം ചെയ്യേണ്ടതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.

2) പ്രവൃത്തിയ്ക്ക് ചെലവായ തുകയിൽ 147735/- രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതത്തിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്.9.12.2004 ലെ എം.എസ് 330/2004/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരമുള്ള പൊതു ആവശ്യ ഗ്രാന്റും സംരക്ഷണ ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 4.6 പ്രകാരം മേൽ ഫണ്ട് പുതിയ റോഡുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കാൻ പാടുള്ളതല്ല.കുഴികൾ നികത്തുക ,ഉപരിതലം നിരപ്പാക്കുക,ഓടകൾ നിർമ്മിക്കുക ,വശങ്ങളിൽ ഭിത്തി കെട്ടി ശക്തിപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്കുമാത്രമേ മേൽ വിഹിതം വിനയോഗിക്കാവൂ എന്നും ഖണ്ഡികയിൽ വ്യക്തമാക്കുന്നുണ്ട്.നിർദ്ദേശത്തിന് വിരുദ്ധമായി തുക വിനിയോഗിച്ചതു വഴി ഫണ്ടിന്റെ വകമാറ്റലാണ് നടന്നിരിക്കുന്നത്. ഇത് നിയമസഭ പാസാക്കിയ അപ്രോപ്രിയേഷൻ ആക്റ്റിന്റെ ലംഘനമാണ് . ഫണ്ട് വകമാറ്റി വിനിയോഗിച്ചതിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

3) പ്രവൃത്തിയുടെ ഇനം 8 ആയി 1:2:4 അനുപാതത്തിൽ 20mm കല്ല് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തതിന്, 6916.05 രൂപ/ m3 നിരക്കിൽ 38.3 m3 പ്രവൃത്തി ചെയ്തതിന് 264884.71 രൂപ നല്കിയിട്ടുണ്ട്.എന്നാൽ മേൽ അളവുപുസ്തകത്തിലെ പേജ് 5,6 എന്നിവയിലെ കോൺക്രീറ്റ് ചെയ്ത അളവുകൾ കൂട്ടിയാൽ ആകെ 31.67m3 മാത്രമാണ് ലഭിക്കുന്നത്.തെറ്റായ അളവ് രേഖപ്പെടുത്തി തുക നല്കിയതിനാൽ 6.63m3 ന്റെ(38.3- 31.67) വിലയായ 45853/- രൂപ(6.63x6916.05) കൺവീനർക്ക് അധികം നല്കിയിട്ടുണ്ട്.

4) പ്രവൃത്തിയുടെ ബില്ലിൽ നിന്നും 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയത്.ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിലാണ് ആദായനികുതി ഈടാക്കേണ്ടത്.4717/- രൂപ ഈ ഇനത്തിൽ കുറവ് വന്നിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ആകയാൽ ക്രമനം 3 പ്രകാരമുള്ള 45853/- രൂപ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലും, ക്രമനം 4 പ്രകാരമുള്ള 4717/- രൂപ ആദായ നികുതി വകുപ്പിലും ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമ.നം. 1,2 ൽ സൂചിപ്പിച്ച കാരണങ്ങളാൽ 45853/-രൂപ കിഴിച്ചുള്ള തുകയായ 444147/-രൂപയും ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 <u>പാടിക്കുന്ന് കുടിവെള്ള പദ്ധതി - പ്രവൃത്തി നിർവ്വഹണത്തിൽ അപാകതകൾ</u>

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രൊജക്ട് നം: 118/17

എസ്റ്റിമേറ്റ് തുക ; 2080000/-

ആകെ പ്രവൃത്തിമൂല്യം: 1860811+ 144170= 2004981/-

അവസാനബിൽ തുക :583650/- ബിൽ നം 16/31.3.17

കരാറുകാരൻ: അബ്ദുൾ സമീർ

പാടിക്കുന്ന് പ്രദേശത്തെ നാല്പതോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് 2013-14 വർഷത്തിൽ വിഭാവനം ചെയ്ത പ്രൊജക്ട് ഓഡിറ്റ് വർഷത്തിലാണ് പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയത് . പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

1) 2013-14 വർഷത്തിൽ ഏകവർഷ പ്രൊജക്ടായി വിഭാവനം ചെയ്ത പദ്ധതി അതേ വർഷം ടെണ്ടർ ചെയ്യുകയും 25.7.13 ന് ശ്രീ അബ്ദുൾ സമീർ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അസി. എഞ്ചിനീയർ AE/01/13-14 നമ്പരായി തീയതിയില്ലാത്ത സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് തപാലായി ടിയാന് നല്കുകയും മേൽ നോട്ടീസിൽ സമയബന്ധിതമായി കരാർ വച്ചില്ലെങ്കിൽ ഈടാക്കുന്ന പിഴയെകുറിച്ച് പരാമർശിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ടെണ്ടർ സമർപ്പിച്ച് രണ്ട് മാസവും 14 ദിവസവും കഴിഞ്ഞ് 9.10.13 നാണ് കരാറുകാരൻ കരാർ വച്ചത്.(നം.14/13-14) പിഴയില്ലാതെ, സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് തപാലായി അയച്ചതു മുതൽ 14 ദിവസവും,പിഴയോടുകൂടി 10 ദിവസം കൂടിയും മാത്രമാണ് കരാർ ചമയ്ക്കാനുള്ള കാലയളവ് എന്നിരിക്കെ കരാർ ചമയ്ക്കുന്നതിന് രണ്ടര മാസക്കാലം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ കാലതാമസത്തിനുള്ള പിഴ ഈടാക്കാത്തതിനും വിശദീകരണം നല്കേണ്ടതാണ്.

2) പ്രവൃത്തിയുടെ കരാറിൽ പ്രവൃത്തി പ്രവർത്തനകലണ്ടർ പ്രകാരം പൂർത്തീകരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഏകവർഷ പ്രൊജക്ടായി വിഭാവനം ചെയ്ത പദ്ധതി അതേ വർഷം മാർച്ച് 31 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ അവസാനഅളവ് രേഖപ്പെടുത്തിയത് 11.1.17 നാണ്.പൂർത്തീകരണ കാലാവധി കഴിഞ്ഞ് 2 വർഷവും 9 മാസവും 11 ദിവസവും കഴിഞ്ഞാണ് പ്രവത്തി പൂർത്തീകരിച്ചതെങ്കിലും, യാതൊരു പിഴയും ഈടാക്കാതെയാണ് അവസാനബിൽ തുക നല്കിയിരിക്കുന്നത്.പ്രവൃത്തിയുടെ കാര്യത്തിൽ പുരോഗതിയില്ലെന്നും 2014 ഡിസംബർ മാസത്തോടെ ആയത് പൂർത്തീകരിക്കണമെന്നും കാണിച്ച് 27.11.14 ന് അസി.എഞ്ചിനീയർ കരാറുകാരന് കത്തയച്ചതും തുടർന്ന് 2015 ഫിബ്രവരി 28 നകം പൂർത്തീകരിക്കണമെന്ന് കാണിച്ച് 6.2.15ന് കത്തയച്ചിരുന്നതും ഇവിടെ ശ്രദ്ധേയമാണ്

3) എല്ലാ കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃ വിഹിതം പരമാവധി സമാഹരിക്കാൻ ശ്രമിക്കേണ്ടതതാണെന്ന് 16.11.2013 ലെ എം.എസ് 462/13 ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ച ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 1 ഖണ്ഡിക 8 V ൽ വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ ഇത് സമാഹരിക്കുന്നതിനുള്ള ശ്രമങ്ങളൊന്നും തന്നെ പ്രൊജക്ടിന്റെ കാര്യത്തിൽ നടന്നിട്ടില്ല.

4)മേൽ ഉത്തരവിലെ അനുബന്ധം 1 ഖണ്ഡിക 8 viiപ്രകാരം കുടിവെള്ള പദ്ധതികൾ നിർവ്വഹണം പൂർത്തിയായൽ ഗുണഭോകൃത സമിതികളെ ഏല്പിക്കേണ്ടതാണെന്നും പദ്ധതിയുടെ തുടർ ചെലവുകൾ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പദ്ധതി കരാർ വച്ച് സമിതിയെ ഏല്പിച്ചതിന്റെ രേഖകൾ ഓഡിറ്റിന് നല്കിയിട്ടില്ല.

5) പദ്ധതിയുടെ ഭാഗമായി കിണർ പമ്പ് ഹൗസ്, ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഏതു ഭൂമിയിലാണ് ഇവ സ്ഥാപിച്ചതെന്നും ഇവ പഞ്ചായത്തിന്റെ ഉടമസ്ഥയിലാണോയെന്നും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ക്രമനം 1,2 എന്നിവ പ്രകാരമുള്ള പിഴകൾ ഈടാക്കി അറിയിക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം നല്കേണ്ടതുമാണ്.അപാകതകളുടെ അടിസ്ഥാനത്തിൽ 2004981/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 <u>മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം പുതിയ റോഡിന്റെ നിർമ്മാണത്തിന് വിനിയോഗിച്ചു</u>

നിർവ്വഹണം : അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ കാര്യത്തിൽ പുതിയ റോഡുകളുടെ നിർമ്മിതിയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതമാണ് വിനിയോഗിച്ചത്. 9.12.2004 ലെ എം.എസ് 330/2004/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരമുള്ള പൊതു ആവശ്യ ഗ്രാന്റും സംരക്ഷണ ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 4.6 പ്രകാരം മേൽ ഫണ്ട് പുതിയ റോഡുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കാൻ

പാട്ടുള്ളതല്ല.കുഴികൾ നികത്തുക ,ഉപരിതലം നിരപ്പാക്കുക,ഓടകൾ നിർമ്മിക്കുക ,വശങ്ങളിൽ ഭിത്തി കെട്ടി ശക്തിപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്കുമാത്രമേ മേൽ വിഹിതം വിനയോഗിക്കാവൂ എന്നും ഖണ്ഡികയിൽ വ്യക്തമാക്കുന്നുണ്ട്.നിർദ്ദേശത്തിന് വിരുദ്ധമായി തുക വിനിയോഗിച്ചതു വഴി ഫണ്ടിന്റെ വകമാറ്റലാണ് നടന്നിരിക്കുന്നത്. ഇത് നിയമസഭ പാസാക്കിയ അപ്രോപ്രിയേഷൻ ആക്ടിന്റെ ലംഘനമാണ് .ഫണ്ട് വകമാറ്റി നിയമലംഘനം നടത്തിയതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തി | ആകെ മൂല്യം |
|---|---|---|
| 1 | 47/17 പാടിക്കുന്ന് കാപ്പമല റോഡ് പരിഷ്കരണം | 199800/- |
| 2 | 48/17- പാത്തിക്കൽ കരുവാങ്കണ്ടി ഇല്ലിക്കൽ റോഡ് പരിഷ്കരണം | 199800/- |
| 3 | 51/17 കായൽ മുക്ക് പഴേരിക്കൽ നടപ്പാത നിർമ്മാണം | 98050/- |
| 4 | 43/17 കള്ളം കൊത്തിപ്പാറ കുളിക്കാവ് റോഡ് പരിഷ്കരണം | 400000/- |
| 5 | 46/17 MM പാറ സാംസ്കാരിക നിലയം റോഡ് | 299471/- |
| 6 | 35/17 ആലോറച്ചാലിൽ പുളിച്ചിപ്പറമ്പത്ത് റോഡ് കോൺക്രീറ്റിംഗ് | 198658/- |

## 3-7 ഇടവിളകൃഷി വികസനം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 21/17 ഇടവിളകൃഷി വികസനം

ബിൽ നം. 2/16-17 1,18,120 29.3.17

ചെക്ക് നം. 3804823 1,00,000 24.3.17 (ബ്ലോക്ക് വിഹിതം)

നിർവഹണം കൃഷിഓഫീസർ

മേൽ പ്രോജക്ട് പ്രകാരം ചേന, മഞ്ഞൾ, വാഴക്കന്ന് എന്നിവ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഇതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. ജിജു, രശ്മി നഴ്സറി എന്നയാൾ 2.12.16 ന് നിർവഹണോദ്യോഗസ്ഥക്ക് നൽകിയ കത്തിൽ നടീൽ വസ്തുക്കളുടെ വില നിശ്ചയിച്ചതിൽ അപാകത സംഭവിച്ചതിനാൽ ടെണ്ടറിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടു. നിർവഹണോദ്യോഗസ്ഥ പിന്നീട് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. രവി. വി.പി, അമൃത നഴ്സറിയിൽ നിന്നും (PR. 159(4) 16. 2.12.16) മേൽ സാധനങ്ങൾ വാങ്ങി വിതരണം ചെയ്തു. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. ജിജു, രശ്മി നഴ്സറി എന്നയാൾ ടെണ്ടറിൽ പങ്കെടുക്കുന്നതിനു വേണ്ടി നിരതദ്രവ്യമായി 17,492 രൂപ അടച്ചിട്ടുണ്ട്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായതിനാൽ മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ 17,492 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

2. സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.16 പ്രകാരം മേൽ പറഞ്ഞ ആനുകൂല്യങ്ങൾ നാമമാത്രകർഷകർക്ക് മാത്രമെ നൽകാൻ പാടുള്ളൂ. എന്നാൽ നാമമാത്രകർഷകരാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും വാങ്ങാതെയാണ് നിർവഹണോദ്യോഗസ്ഥ ആനുകൂല്യങ്ങൾ നൽകിയത്. അതിനാൽ ആനുകൂല്യങ്ങൾ ലഭിച്ചത് നാമമാത്രകർഷകർക്ക് മാത്രമാണെന്ന കാര്യം പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടി ലഭ്യമാകകിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## **3-8** <u>കുടിവെള്ള വിതരണം - കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.</u>

പ്രോജക്ട് നം. 87/17 വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം.

ബിൽ നം. 2/16-17 1,42,990 30.9.16

നിർവഹണം. സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ 181 ട്രിപ്പ് കുടിവെള്ളം വിതരണം നടത്തിയതിന് കരാറുകാരന് ട്രിപ്പ് ഒന്നിന് 790 രൂപ നിരക്കിൽ 1,42,990 രൂപ നൽകിയിട്ടുണ്ട്.

പ്രോജകട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. കുടിവെള്ള ക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ 181 ട്രിപ്പ് കുടിവെള്ളം വിതരണം ചെയ്യതിനാണ് തുക നൽകിയത്.എന്നാൽ 21 ട്രിപ്പ് ഷീറ്റ് മാത്രമെ ഫയലിൽ ഉള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ 1,42,990 രൂപ കരാറുകാര് നൽകി.

2. ആദായനികുതി നിയമം 1961, വകുപ്പ് 194 (സി) പ്രകാരം കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. മേൽ വകുപ്പ് പ്രകാരം കരാറുകാരന് നൽകുന്ന തുകയുടെ 1% തുക കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. പാൻകാർഡ് ഇല്ലാത്ത കരാറുകാരിൽ നിന്നും 20% തുക ആദായ നികുതിയായി ഈടാക്കണ്ടതാണ്. എന്നാൽ കരാറുകാരന് 1,42,990 രൂപ നൽകിയെങ്കിലും ആദായനികുതി ഈടാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## **3-9** <u>പെയിൻ&പാലിയേറ്റിവ് പരിചരണം- തുക നല്കിയിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല</u>

നിർവ്വഹണം : മെഡിക്കൽ ഓഫീസർ

പ്രൊ. നം: 15/17

അടങ്കൽ : 224800/-

ചെലവ്: 224800/-

ഗ്രാമപഞ്ചായത്തിലെ പെയിൻ&പാലിയേറ്റിവ് പരിചരണ പ്രൊജക്റ്റിന്റ ഭാഗമായി പരിചരണപ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ 7502/- രൂപ KMSCL ന് നല്കിയിട്ടുണ്ട്. 5/29.2.17 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 27202/- രൂപയിൽ നിന്നമാണ് മേൽ തുക നല്കിയിരിക്കുന്നത്. എന്നാൽ നാളിതുവരെ ഉപകരണങ്ങൾ മെഡിക്കൽ ഓഫീസർക്ക് ലഭ്യമായിട്ടില്ല. ഇവ ഉടനടി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ചെലവു തുകയിൽ 7502/- രൂപ വിനിയോഗിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-10** <u>പാലിയേറ്റീവ് പരിചരണം - വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകത</u>

നിർവ്വഹണം : മെഡിക്കൽ ഓഫീസർ

പ്രൊജക്റ്റ് നം: 15/17

അടങ്കൽ: 224800/-

ചെലവ് : 224800/-

ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കായി സ്വന്തമായി ഒരു വാഹനം എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വർഷങ്ങൾക്കുമുമ്പ് ലഭ്യമായിട്ടിണ്ട്.KL11 AQ 4444 നമ്പരിലുള്ള

മാരുതി ഓമ്നി വാഹനത്തിന്,ഓഡിറ്റ് വർഷത്തിലും പരിചരണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി , ഇന്ധനം നിറച്ച വകയിൽ മേൽ പ്രൊജക്ട് പ്രകാരം ആകെ 22750/- രൂപ വിവിധ ബില്ലുകളിലായി വിനിയോഗിച്ചിട്ടുമുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ,ഓഡിറ്റ് വർഷത്തിൽ നിറച്ച ഇന്ധനത്തിന്റെ വിശദാംശങ്ങളൊന്നും തന്നെ ,ഒരു തവണപോലും ലോഗ് ബുക്കിൽ അടയാളപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. ഒരു മാസത്തിൽ നാലോ,അഞ്ചോ ദിനങ്ങളിൽ ഗൃഹസന്ദർശനം നടത്തി പരിചരണം നടത്തുന്നതിന്,ശരാശരി 25 മുതൽ 30 വരെ കിലോമീറ്ററുകളാണ് പ്രതിദിനം വാഹനം ഓടുന്നത്. വണ്ടി ഓടുന്ന തീയതികളിൽ 250/-രൂപയുള്ള പെട്രോൾ അടിച്ചതിന്റെ ബിൽ ഹാജരാക്കി തുക കൈപ്പറ്റുകയാണ് ചെയ്തുവരുന്നത്.വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങളൊന്നും ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.ഇതുകൊണ്ടു തന്നെ വാഹനം ഓടിയതിന് അനുസൃതമായാണ് ഇന്ധനം അടിച്ചതെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തുക,ഇന്ധനം ഫുൾടാങ്ക് നിറയ്ക്കുക, ലോഗ് ബുക്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുക തുടങ്ങിയ വാഹനം പരിപാലിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-11 പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 7/17 പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി

ചെക്ക് നം. 387175 1,10,000 21.3.17

ചെക്ക് നം. 3804821 1,00,000 21.3.17 (ബ്ലോക്ക് വിഹിതം)

നിർവഹണം – കൃഷിഓഫീസർ

മേൽ പ്രോജക്ട് പ്രകാരം 228 ഗുണഭോക്താക്കൾക്ക് പച്ചക്കറികൃഷി നടത്തിയതിന് കൂലിച്ചെലവ് സബ്സിഡിയായി 2,10,000 രൂപ നൽകി. സ.ഉ (എം.എസ്) 4/16 ത.സ്വ.ഭ.വ 11.1.16 പ്രകാരം നടീലും വിളവെടുപ്പും ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഇതു പാലിക്കാതെ പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ, കള പറിക്കൽ, വള പ്രയോഗം, എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കാണ് മേൽ തുക ചെലവഴിച്ചത്. മേൽ പ്രവർത്തനത്തിന് തൊഴിലുറപ്പു പദ്ധതിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല.

കൂടാതെ 228 ഗുണഭോക്താക്കൾക്ക് കൂലിചെലവ് സബ്സിഡി നൽകിയതിൽ 150 ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകി. സ.ഉ (എം.എസ്) 4/16 ത.സ്വ.ഭ.വ 11.1.16 പ്രകാരം ഒരു ഹെക്ടറിന് 10,000 രൂപയാണ് കൂലിച്ചെലവ് സബ്സിഡി നൽകേണ്ടത്.കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതികമായി സബസിഡി നൽകാം. കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കൃഷി ചെയ്യണം. എന്നാൽ 10 സെന്റിൽ താഴെ കൃഷി ചെയതവർക്കും മുകളിലെ നിബന്ധനയിൽ കൂടുതലും സബ്സിഡി നൽകി. ആകെ സബ്സിഡി നൽകിയതിൽ 144ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ അർഹതപ്പെട്ടതിൽ കൂടുതലും 6 ഗുണഭോക്താക്കൾക്ക് 10 സെന്റിൽ താഴെ കൃഷി ചെയ്തതിനാൽ സബ്സിഡിക്ക് അരാഹതയില്ലാത്തവർക്കും സബ്സിഡി നൽകി. ഇങ്ങനെ ആകെ 58,210 രൂപ മേൽ ഉത്തരവിനു വിരുദ്ധമായി നൽകി.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. 11/17 എസ്.എസ്.എ വിഹിതം നൽകൽ

ചെക്ക് നം. 387170 തീയതി 17.2.17, 3,00,000/-രൂപ

നിർവഹണം- ഹെഡ്മാസ്റ്റർ

എസ്.എസ്.എ പ്രോജക്ട് നിർവഹണത്തിനായി 3,00,000 രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,00,000 | ഇടവിളകൃഷി വികസനം | 1,00,000 | 0 |
| | | 1,00,000 | ജൈവപച്ചക്കറി കൃഷി കൂലി ചെലവ് | 1,00,000 | 0 |
| | | 5,00,000 | ക്ഷീര കർഷകർക്ക് പാൽവില സബ്സിഡി | 5,00,000 | 0 |
| ജില്ല പഞ്ചായത്ത് | | 1,12,500 | ക്ഷീരഗ്രാമം | 1,12,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 5,00,000 | സാനിറ്ററി യൂണിറ്റ് നിർമ്മാണം | 5,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 207/09/തസ്വഭവ, തീ. 07.11.2009, 306/09/തസ്വഭവ, തീ. 07.12. 2011 | 87,75,000 | 33,21,670 | 11,39,500 | | 21,82,170 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| | |
| ഇ.എം.എസ് ഹോസ്പിറ്റൽ ഷെയർ | 10,000/- |
| ആകെ | 10,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31083686 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31405508 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45853/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3184750 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | -- | 45853/- | അജിത് കുമാർ ഇ ടി,അസി. എഞ്ചിനീയർ |
| | ആകെ | 45853/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 444147 | അജിത് കുമാർ ഇ ടി,അസി. എഞ്ചിനീയർ |
| 3-5 | 2004981 | അജിത് കുമാർ ഇ ടി,അസി. എഞ്ചിനീയർ |

| | | |
|---|---|---|
| 3-7 | 218120 | ഷെൽജ പി, കൃഷി ഓഫീസർ |
| 3-9 | 7502 | മുകുന്ദവർമ്മ ആർ ,മെഡിക്കൽ ഓഫീസർ |
| 3-11<br>3-12 | 210000<br>300000 | ഷെൽജ പി, കൃഷി ഓഫീസർ<br>ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-4 – 4717/-രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത് കുമാർ ഇ ടി,അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കായണ്ണ ഗ്രാമപഞ്ചായത്ത് | ഇടച്ചേരി മറ്റം, ഇരുമ്പയം പി ഒ,തലയോലപ്പറമ്പ്,കോട്ടയം-686605 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1993-94 | എൽ എഫ് പി 4 1505/09 തി 20-5-10 | 01 | |
| 1994-95, 1995-96 | എൽ എഫ് എസ്1 747/99 തി 30-7-97 | 01 | |
| 1996-97 | എൽ എഫ് എസ്1 743/99 തി 30-3-00 | 01 | |
| 1998-99 | എൽ എഫ് കെ കെ ഡി പി4/82(1)/11 തി 29-3-11 | 04 | |

| | | | |
|---|---|---|---|
| 1999-00 | എൽ എഫ് കെ കെ ഡി പി4/82(3)/11 തി 29-3-11 | 05 | |
| 2000-01 (വരവ്) | എൽ എഫ് കെ കെ ഡി പി4/82(3)/11 തി 29-3-11 | 03 | |
| 2000-01 (പ്ളൻ) | എൽ എഫ് കെ കെ ഡി പി4/123(1)/11 തി 29-3-11 | 02 | |
| 2001-02(വരവ്) | എൽ എഫ് കെ കെ ഡി പി4/123(2)/11 തി 29-3-11 | 07 | |
| 2002-03 | എൽ എഫ് കെ കെ ഡി പി4/123(3)/11 തി 29-3-11 | 05 | |
| 2003-04 | എൽ എഫ് കെ കെ ഡി പി4/123(4)/11 തി 29-3-11 | 08 | |
| 2004-05 | എൽ എഫ് കെ കെ ഡി പി4/123(5)/11 തി 29-3-11 | 08 | |
| 2005-06 | എൽ എഫ് കെ കെ ഡി പി4/844/11 തി 17-10-2011 | 14 | |
| 2006-07 | എൽ എഫ് കെ കെ ഡി പി4/844/11 തി 17-10-2011 | 09 | |
| 2007-08 | എൽ എഫ് കെ കെ ഡി പി4/1304/11 തി 10-11-11 | 06 | |
| 2008-09 | എൽ എഫ് കെ കെ ഡി എസ് 4/634/11 തി 13-01-12 | 09 | |
| 2009-10 | എൽ എഫ് കെ കെ ഡി പി4/780/12 | 06 | |
| 2010-11, 2011-12 | എൽ എഫ് കെ കെ ഡി പി4/262/13 തി 15-11-13 | 21 | |
| 2012-13 | എൽ എഫ് കെ കെ ഡി പി4/ 1670/14 തി 13.11.14 | 13 | |
| 2013-14, 2014-15 | എൽ എഫ് കെ കെ ഡി പി4/ 1386/16 | 21 | |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/പി4/1843/16 തീ 21.03.17 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.കെ.ഡി/പി.4/1484/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി – 03.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കായണ്ണ ഗ്രമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA/KKD/P-4/1484/2017

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 03.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kayanna grama Panchayat for the year ended on 2016-17 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kayanna grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
District Audit Office, Kozhikode.